**യോനാ പ്രവാചകനും നിനവെക്കാരുടെ ബാ ഊത്തയും**
:: ആന്റോ ഡി. ഒല്ലൂക്കാരൻ ::

യഹൂദനായ മത്തായിയുടെ മകൻ യോന എബ്രായ പ്രവാചകനായിരുന്നു. അസീറിയൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ നിനവെ പട്ടണമധ്യത്തിൽ യോനാ പ്രവാചകൻ പ്രസംഗിച്ചു.

''പാപപങ്കിലമായ ഈലോക ജീവിതത്തിൽ നിന്നും അനുതപിച്ച് മാനസാന്തരപ്പെട്ടില്ലായെങ്കിൽ നാൽപതു ദിവസത്തിന് ശേഷം ദൈവത്തിന്റെ ഉഗ്രകോപം നിനവെ പട്ടണത്തെ നശിപ്പിക്കും.''

യോനയുടെ പ്രസംഗം കേട്ടറിഞ്ഞ നിനവെ രാജാവ് സർദ്ദാനാ പൗലോസ് തന്റെ കിരീടം എറിഞ്ഞുകളഞ്ഞു. തെറ്റിനെക്കുറിച്ച് അദ്ദേഹത്തിന് തിരിച്ചറിവുണ്ടായി. വരാൻ പോകുന്ന ആപത്ത് മുന്നിൽ കണ്ട രാജാവ് ചാക്കുടുത്ത് ചാരത്തിലിരുന്ന് അനുതാപത്തോടെ മുട്ടിപ്പായി പ്രാർത്ഥിച്ചു.

പാപമോചനത്തിനായി ചാക്കുടുത്ത് ഉപവസിച്ച് പ്രാർത്ഥിക്കണമെന്ന് കൽപനയും പുറപ്പെടുവിച്ചു. ഉപവാസപ്രാർത്ഥനയ്ക്കായും കഠിന തപസ് അനുഷ്ഠിക്കുന്നതിനുമായി സർദ്ദാനാ പൗലോസ് പ്രജകളെ നിർബന്ധിച്ചു.

യോനാ പ്രവാചകന്റെ പ്രസംഗം കേട്ടറിഞ്ഞ് ദുഃഖത്തിലാണ്ട പട്ടണനിവാസികൾ ഭ്രമിച്ചു. നിനവെ ദുഃഖംകൊണ്ട് കീഴ്മേൽ മറിഞ്ഞു. വിവാഹിതരായ യുവതീയുവാക്കൾ, കൗമാരപ്രായക്കാർ, ബാലികാ–ബാലന്മാർ, പൈതങ്ങൾ, വൃദ്ധന്മാരും വൃദ്ധകളും, ധനവാനും ദരിദ്രനും മറ്റു ജീവജാലങ്ങളും തങ്ങൾക്കുണ്ടാകുവാൻ പോകുന്ന ആകസ്മികമായ മരണത്തെ മുഖാമുഖം കണ്ട് പാപമോചനത്തിനായി ഉപവസിച്ച് പ്രാർത്ഥിക്കുന്നു, വിതുമ്പി കരയുന്നു. ദൈവത്തിന്റെ കാരുണ്യത്തിനായി കുറ്റങ്ങൾ ഏറ്റുപറഞ്ഞ് പാപമോചനത്തിനായി പ്രാർത്ഥിക്കുന്നു.

തെറ്റ് തിരുത്തുന്നതിന് അവസരം ഒരുക്കുവാനാണ് ദൈവം യോനാ പ്രവാചകനെ നിനവെ പട്ടണത്തിലേക്ക് അയച്ചത്.

ദൈവം കരുണയുള്ളവനും ദയാലുവും മനസലിവ് ഉള്ളവനും ആയതിനാൽ നിനവെക്കാർ അനുതപിച്ചാൽ തന്റെ പ്രസംഗം വ്യർത്ഥമാകും. തന്റെ പ്രവചനം കള്ളപ്രവചനം ആകും. അതുകൊണ്ട് ഞാൻ നിനവെ പട്ടണത്തിൽ പോയി വരുവാനുള്ള ആപത്തിനെക്കുറിച്ച് പ്രസംഗിക്കില്ലായെന്ന് തീരുമാനിച്ച് താർഷീഷിലേക്ക് പോകുന്ന കപ്പലിൽ യാത്ര പുറപ്പെട്ടു.

ദൈവം തന്റെ ജനത്തോടുള്ള കരുതൽ ഉള്ളതുകൊണ്ട് യോനയെ താർഷീഷിലേക്കുള്ള യാത്രാമധ്യേ കടലിൽ പിടിച്ചിട്ടു.

കപ്പലിലുള്ളവരെ ഒന്നാകെ വിറപ്പിക്കുന്ന ആകാശം മുട്ടുന്ന തിരമാലകൾ ഉയരാൻ തുടങ്ങി. യോന കയറിയ കപ്പലിന് മാത്രമാണ് ഈ അപായ ഭീഷണി. കടലിൽ യാത്ര ചെയ്യുന്ന മറ്റു കപ്പലുകൾക്ക് യാതൊരു കാറ്റും കോളും ഇല്ല. അവ ശാന്തമായി ലക്ഷ്യസ്ഥാനത്തേക്ക് പോകുന്നത് യോനയുടെ കപ്പലിലുള്ളവർ കണ്ട് പരിഭ്രമിച്ചു. കപ്പിത്താനും ജീവനക്കാരും മറ്റു യാത്രക്കാരും ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിച്ചു. യോന മാത്രം പ്രാർത്ഥിച്ചില്ല.

യോനയ്ക്ക് അറിയാമായിരുന്നു എന്തുകൊണ്ടാണ് ഈ കപ്പലിന് മാത്രം കടൽക്ഷോഭം ഉണ്ടാകുന്നത് എന്ന്.

എബ്രായനായ യോന ഇപ്രകാരം പറഞ്ഞു. ''സർവത്തിന്റെയും സ്രഷ്ടാവായ യഹോവയായ ദൈവത്തിന്റെ സന്നിധിയിൽ നിന്നും ഞാൻ ഓടിപ്പോകുകയാണ്. ''എന്നെ കടലിലേക്ക് എറിയുക, എന്നാൽ നിങ്ങൾക്ക് ശുഭം വരും.'' യോനയുടെ നിർദ്ദേശപ്രകാരം പ്രാർത്ഥിച്ച് യോനയെ കടലിൽ വലിച്ചെറിഞ്ഞു. കടൽ ശാന്തമായി. കപ്പൽയാത്രക്കാർ ദൈവത്തിന് നന്ദി പറഞ്ഞു.

കടലിൽ എറിയപ്പെട്ട യോനയെ ഒരു കടലാന വിഴുങ്ങി, കടലിന്റെ അഗാധത്തിലേക്ക് കൊണ്ടുപോയി. കടലാനയുടെ വയറ്റിൽ കിടന്നു പ്രാർത്ഥിച്ച യോന, ദൈവത്തിന്റെ ദൗത്യം നിർവഹിപ്പാൻ ഒരുങ്ങുന്നു. കടലാനയുടെ വയറ്റിൽ കിടന്നു മൂന്നുദിവസം പ്രാർത്ഥിച്ച യോനയെ കടലാന നിനവെ പട്ടണത്തിന്റെ തീരത്ത് ഛർദ്ദിക്കുന്നു. യോന പുതിയ ചക്രവാളത്തിൽ നിനവെക്കാരുടെ മോചനത്തിനായി ദൈവകൽപന പ്രസംഗിക്കുന്നതിന് പകരം നാശത്തിന്റെയും ഭീകരതയുടെയും ഭീഷണിയുടെയും ദൈവശിക്ഷയുടെയും വാക്കുകൾ മാത്രമാണ് യോന പ്രസംഗിച്ചത്.

യോന പ്രവാചകന്റെ പ്രസംഗത്തിന്റെ അന്ത:സത്ത തിരിച്ചറിഞ്ഞ നിനവെ പട്ടണനിവാസികൾ തെറ്റിൽനിന്ന് പിന്തിരിയുന്നു. കടം ഇളച്ച് കൊടുക്കുന്നു, കടക്കാരെ ആശ്ലേഷിക്കുന്നു. കാഹളം ഊതി പട്ടണം ഒന്നാകെ പാപവിമോചന ദിനം കൊണ്ടാടുന്നു. ജലപാനം പോലും ഉപേക്ഷിച്ച നിനവെക്കാരുടെ കണ്ണുനീർക്കടൽ പാപമോചനത്തിന് ഉതകുന്നതായിരുന്നു. വിഗ്രഹങ്ങളും ബിംബങ്ങളും ഉടച്ചുകളഞ്ഞ് രാജ്യം മുഴുവനും ജീവനുള്ളള യഹോവയായ ദൈവത്തെ ഹൃദയത്തിൽ കൈക്കൊള്ളുന്നു. മാതാപിതാക്കളും മക്കളും പരസ്പരം കെട്ടിപ്പിടിച്ച് കരയുന്നു. നിമിഷങ്ങൾ സംവത്സരങ്ങളായി തോന്നി.

ആകാശത്ത് നിന്ന് ദൈവകോപത്തിന്റെ കാർമേഘപടലം നീങ്ങി. മൃതപ്രായരായ നിനവെക്കാർക്ക് ഉയിർത്തെഴുന്നേൽപ്പിന്റെ അനുഭവം ഉണ്ടായി.

നിനവെക്കാരുടെ മാനസാന്തരം ദർശിച്ച ദൈവം തന്റെ ഉഗ്രകോപത്തിൽ നിന്ന് നിനവെക്കാരെ ര ക്ഷിച്ചു. ഈ മാനസാന്തരം ഇരുപത്തൊന്നാം നൂ റ്റാണ്ടിലെ ജനതയ്ക്കും അത്യന്താപേക്ഷിതമാണ്.